# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2139

07-07-2015-ൽ മറുപടിക്ക്

### പുതിയ വ്യവസായ സംരംഭകർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ വ്യവസായ സംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും, കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, Skill Development Programme തുടങ്ങിയ പരിപാടികളും നടത്തി വരുന്നു.<br><br>ബോധവത്ക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവത്ക്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിൽ നടത്തിവരുന്നു. വിവിധ ബിസിനസ് മീറ്റുകൾ മുഖേന സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു. |

കെ.എസ്.ഐ.ഡി.സി. മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി എമർജിങ്ങ് കേരള, യുവസംരംഭക സംഗമം, മുതലായ സംഗമങ്ങൾ നടത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ആരംഭിച്ച പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

- വ്യവസായ വികസന മേഖല - തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ.
- ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.
- മെഗാ ഫുഡ് പാർക്ക്, പാലക്കാട്.
- ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം.
- ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, കാക്കനാട്, കൊച്ചി.

**(ബി)** തത്ഫലമായി എത്ര വ്യവസായികൾ കേരളത്തിൽ നിക്ഷേപം നടത്തിയെന്നും അവർ ആരെല്ലാമാണെന്നും അവർ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

**(ബി)** കഴിഞ്ഞ നാല് വർഷക്കാലം സംസ്ഥാനത്ത് MSMED Act, 2006 പ്രകാരം മെമ്മോറാണ്ടം (പാർട്ട്- II) ഫയൽ ചെയ്ത പുതിയ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. ഇതിൽ ചെറുകിട സേവന മേഖലയിലെ യൂണിറ്റുകളും ഉൾപ്പെടുന്നു.

| വർഷം | മെമ്മോ-റാണ്ടം (പാർട്ട് II) ഫയൽ ചെയ്ത പുതിയ യൂണിറ്റു-കളുടെ എണ്ണം | മുതൽ മുടക്ക് (രൂപ കോടി-യിൽ) | തൊഴിൽ ലഭ്യത (എണ്ണം) |
|---|---|---|---|
| 2011-12 | 10389 | 1695.30 | 72324 |
| 2012-13 | 13051 | 2392.97 | 81467 |
| 2013-14 | 14997 | 2224.13 | 87789 |
| 2014-15 | 15455 | 2392.68 | 83501 |

2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിങ്ങ് കേരള സംഗമം വഴി കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർ ദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷി ക്കുന്നതിനും, സംസ്ഥാനത്ത് വ്യവസായ വളർച്ച കൊണ്ടു വരാനും സാധിച്ചിട്ടുണ്ട്. ഈ സംഗമത്തിൽ ടൂറിസം, സയൻസ് & ടെക്നോളജി, പോർട്ട്, സ്വയംഭരണ വകുപ്പ്, പവർ, ഇൻഫോർമേഷൻ ടെക്നോളജി, വിദ്യാഭ്യാസം, ഭക്ഷ്യ സംസ്ക്കരണം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനു വേണ്ടി പ്രത്യേക സമ്മേളനങ്ങളും നടത്തിയിരുന്നു. ഇതു കൂടാതെ പ്രസ്തുത സംഗമത്തിൽ മുകളിൽ പറഞ്ഞ മേഖല കളിലെ വിവിധ നിക്ഷേപ പദ്ധതികളെപ്പറ്റി ചർച്ചകളും അവലോകന യോഗങ്ങളും നടത്തുകയു ണ്ടായി.

എമർജിങ്ങ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച 177 പദ്ധതി നിർദ്ദേശങ്ങളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം 19 പദ്ധതികളാണുള്ളത്. ഇവയിൽ രണ്ട് പദ്ധതികളുടെ പ്രവർത്തനം പൂർത്തിയായി. ബാക്കിയുള്ളവയുടെ നിർമാണ പ്രവർത്ത നങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. വിശദവിവരം അനുബന്ധം– I ആയി ചേർത്തിട്ടുണ്ട്.

മുകളിൽ പറഞ്ഞത് കൂടാതെ, സംസ്ഥാന ത്തിലെ വിദ്യാർത്ഥികളിലും യുവജനങ്ങ ളിലും സംരംഭകത്വ ആശയങ്ങളെ പ്രോൽസാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടി 2014 സെപ്റ്റംബർ 12 ന് യുവസംരംഭകത്വ സംഗമം സംഘടിപ്പിച്ചു. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ ഉള്ള അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ചാണ് പ്രസ്തുത സംഗമം സംഘടിപ്പിച്ചത്.

വിദ്യാർത്ഥി യുവ സമൂഹത്തിൽ സംരംഭകത്വ ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള അനുകൂലസാഹചര്യം ഒരുക്കുക, അഭ്യസ്തവിദ്യരായ യുവ ജനതയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കുക മുതലായ ഉദ്ദേശ്യങ്ങളോടുകൂടിയാണ് പ്രസ്തുത യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്.

കെ.എസ്.ഐ.ഡി.സി സംഘടിപ്പിച്ച യുവ സംരംഭക സംഗമത്തിൽ പങ്കെടുത്ത വിദ്യാർത്ഥി / യുവസംരഭകർക്ക് സംരംഭകത്വം തുടങ്ങുന്നതിന് അത്യന്താപേക്ഷിതമായ സ്ഥല സൗകര്യം (ഇൻകുബേറ്റർ) , ധനസഹായം, മെന്ററിങ്ങ് തുടങ്ങിയ സഹായങ്ങൾ കെ.എസ്.ഐ.ഡി.സി വാഗ്ദാനം നല്കിയിരുന്നു. ഇതിന്റെ ഭാഗമായി യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കാക്കനാട് ഇൻഫോപാർക്ക് കാമ്പസിൽ കെ.എസ്.ഐ.ഡി.സിയുടെ ഇൻകുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. വിദ്യാലയങ്ങളിലും കോളേജുകളിലും നേരിട്ടെത്തി സംരംഭകത്വത്തിനാവശ്യമായ മെന്ററിങ്ങ് നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. യുവസംരംഭകർക്കാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സിയുടെ സീഡ് ക്യാപിറ്റൽ സ്കീമും നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് ഉടനീളമുള്ള കോളേജുകളിൽ ഇൻകുബേഷൻ സെന്ററുകളും, സ്കിൽ ഡെവലപ്പ്മെന്റ് സെന്ററും തുടങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. വിദ്യാർത്ഥി / യുവസംരംഭകരിൽ നിന്നും അവരുടെ നൂതന ആശയങ്ങൾ സമാഹരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ഏകദേശം എഴുപതോളം ആശയങ്ങളാണ് കെ.എസ്.ഐ.ഡി.സി.യിൽ ലഭിച്ചത്. ഇവയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നാലു നൂതന ആശയങ്ങൾക്ക് 25 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുകയുമുണ്ടായി.

കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്ത വ്യവസായ സംരംഭകരുടെ വിശദാംശങ്ങളും അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും നിക്ഷേപവും സംബന്ധിച്ചുള്ള വിശദാംശങ്ങളും അനുബന്ധം – II ആയി ചേർത്തിട്ടുണ്ട്.

സിഡ്കോയുടെ കീഴിൽ പുതുതായി ആരംഭിച്ചതും നിലവിൽ പ്രവർത്തിക്കുന്നതുമായ വ്യവസായ യൂണിറ്റുകളുടെ വിവരം അനുബന്ധം – III ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്